**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **07-12-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ,ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അവ ഓരോന്നിന്റെയും വിശദാംശം, പുരോഗതി എന്നിവയും വിശദമാക്കാമോ? | (എ) | **മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**<br><br>1. **ഒരു ഗുണഭോക്താവിന് ഒരു പോത്തുക്കുട്ടി എന്ന രീതിയിൽ 89 യൂണിറ്റ് പദ്ധതി നടപ്പിലാക്കുവാൻ തുക അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ സ്വീകരിച്ചുവരുകയാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് പരിപാലനം സംബന്ധിച്ചുള്ള പരിശീലനവും കൊടുക്കുന്നുണ്ട്.**<br>2. **5 പെണ്ണാടിനെയും 1 മുട്ടനാടിനെയും വളർത്തുന്ന 7 യൂണിറ്റ് ആട് വളർത്തൽ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.**<br>3. **രാത്രികാലങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ അടിയന്തിര മൃഗചികിത്സാ സേവനം നടത്തിവരുന്നുണ്ട്.**<br>4. **പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി) യിൽ 410 കന്നുക്കുട്ടികളെ എൻറോൾ ചെയ്യുകയും ആയതിന് സർക്കാർ സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരികയുമാണ്.**<br><br>**ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ

| ക്രമ നം | പദ്ധതി | എണ്ണം | പദ്ധതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കർഷക സമ്പർക്ക പരിപാടി | 19 | 57,000 | പൂർത്തീകരിച്ചു |
| 2 | ലോക ക്ഷീരദിനം | 1 | 2,500 | പൂർത്തീകരിച്ചു |
| 3 | സർക്കാരിന്റെ ഒന്നാം വാർഷിക പരിപാടി- എക്സിബിഷൻ | 1 | 16,875 | പൂർത്തീകരിച്ചു |
| 4 | സ്റ്റുഡെന്റ്സ് ഡയറി ക്ലബ് | 1 | 25,000 | പൂർത്തീകരിച്ചു |
| 5 | മിൽക്ക് ഇൻസെന്റീവ് | Rs.4/- per ltr | 27,23,768 | ചെലവഴിച്ചു |
| 6 | കന്നുകുട്ടി ദത്തെടുക്കൽ | 24 | 1,11,600 | പൂർത്തീകരിച്ചു |
| 7 | തീറ്റപ്പുൽകൃഷി വികസന പദ്ധതി | 7 ഹെക്ടർ | 1,69,900 | പൂർത്തീകരിച്ചു |
| 8 | ഡയറി പ്രമോട്ടർ ഇൻസെന്റീവ് | 1 | 81,000 | 33,000/- രൂപ ചെലവഴിച്ചു |
| 9 | വുമൺ കാറ്റിൽ കെയർ വർക്കർ ഇൻസെന്റീവ് | 1 | 81,000 | 33,000/- രൂപ ചെലവഴിച്ചു |
| 10 | ഫീഡ് കമ്പോനെന്റ് (പച്ചപ്പുൽ/വൈക്കോൽ) | 3 | 3,00,000 | 20,000/- രൂപ ചെലവഴിച്ചു |
| 11 | ഹീഫർ പാർക്കിനുള്ള ധനസഹായം | 1 | 3,00,000 | 2,23,629/- രൂപ ചെലവഴിച്ചു |
| 12 | 2 പശു യൂണിറ്റ് | 1 | 46,500 | ഗുണഭോക്താക്കളുടെ പരിശോധനയും, തെരെഞ്ഞെടുപ്പും നടന്നു വരുന്നു |
| 13 | ഒരു പശു യൂണിറ്റ് | 1 | 95,400 | |
| 14 | കാലിത്തൊഴുത്ത് നിർമ്മാണം | 3 | 1,50,000 | |
| 15 | ഫാം ലെവൽ ഹൈജീൻ | 1 | 75,000 | |
| 16 | കറവയന്ത്രം | 1 | 30,000 | |
| 17 | ക്ഷീരസംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത ധനസഹായം | 2 | 1,81,280 | പൂർത്തീകരിച്ചു |
| 18 | ധാതുലവണ മിശ്രിതം | | 34,790 | പൂർത്തീകരിച്ചു |
| 19 | പാൽവില സബ്സിഡി (ത്രിതല പഞ്ചായത്ത് പദ്ധതി) | Rs.3/- per ltr | 32,29,082 | ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് ലഭിച്ചു. |
| 20 | കാലിത്തീറ്റ സബ്സിഡി | 200 | 5,00,000 | |
| 21 | കാലിത്തീറ്റ സബ്സിഡി (ബ്ലോക്ക് പഞ്ചായത്ത് പദ്ധതി) | 400 | 10,28,284 | |
| 22 | ഓഫീസ് അനുബന്ധ ഉപകരണങ്ങൾ(കമ്പ്യൂട്ടർ, ഫർണ്ണിച്ചർ)- ബ്ലോക്ക് പഞ്ചായത്ത് പദ്ധതി | 1 | 3,00,000 | |

സെക്ഷൻ ഓഫീസർ